# ഇടശ്ശേരിയുടെ ചിരി

**ഡോ. എം. ലീലാവതി**

അപഹരണം പോലുള്ള അപവാദങ്ങൾകൊണ്ട് മാധ്യമപ്രവർത്തകരുടെ അന്വേഷണ ത്വരകൾക്ക് മൂർച്ചയുണ്ടാക്കുന്ന കാലമാണല്ലോ ഇത്. എന്തെങ്കിലും പുതിയ പുതിയ വിവാദങ്ങൾ വീണുകിട്ടാൻ വേണ്ടി കാതോർത്ത് കണ്ണിലെണ്ണയൊഴിച്ച് കാത്തിരിക്കുന്നവരായിത്തീർന്നിട്ടുണ്ട് ഇന്നത്തെ ശരാശരി പത്രപ്രവർത്തകർ. സെൻസേഷനലായ എന്തെങ്കിലും കിട്ടിയില്ലെങ്കിൽ ഉറങ്ങാൻ ഗുളിക കഴിക്കണമെന്ന മനോനിലയാണവരിൽ പലർക്കും. അവർക്ക് ഗുളികക്കാശു മിച്ചം വെക്കാൻ പാകത്തിൽ വല്ലതുമൊക്കെ വലിച്ചെറിഞ്ഞുകൊടുക്കാൻ ചിലപ്പോഴൊക്കെ നമ്മുടെ എഴുത്തുകാരിലെ കാരണവന്മാർ കാരുണ്യം കാണിക്കാറുണ്ട്. ഇത്തരണം കാരുണ്യങ്ങളിലൊന്നിന്റെ കഥ കേട്ടപ്പോഴാണ് ചിരി തൂകുന്ന ഒരു ഇടശ്ശേരിക്കവിതയോർമ്മ വന്നത്. കവിതയുടെ പേര് "അദ്ദേഹത്തിന്റെ ഒസ്യത്ത്" എന്നാണ്. 35 കൊല്ലം മുൻപ് എഴുതിയ കവിത. അതിലെ അദ്ദേഹം ഒരു ശുനകനാണ്. കഥയിലെ വക്താവായ ഒസ്യത്തെഴുത്തുകാരനോട് (അത് കവിത തന്നെ) ശുനകൻ ഒരൊസ്യത്തെഴുതിക്കൊടുക്കണമെന്നാവശ്യപ്പെടുന്നു.

ഒരു നായ്ക്ക് ഒസ്യത്തോ? സ്വപ്നം കാണുകയാണോ? അതെയെന്നു വക്താവിനു തീർച്ചയില്ല. തലേന്നാൾ രാത്രി ഒരു പോള കണ്ണടയ്ക്കാൻ കഴിഞ്ഞില്ല. ഒരു നായയാണ് കാരണം. ഉറങ്ങാൻ കിടന്നു കണ്ണടഞ്ഞെന്നായഘട്ടത്തിൽ പട്ടി കുരയ്ക്കാനും ഓളിയിടാനും തുടങ്ങി. വളർത്തു പട്ടിയല്ല. എങ്കിലും എച്ചിലെറിഞ്ഞു കൊടുക്കാറുണ്ട്. അതു തിന്നാനെത്തുന്ന പട്ടിയാണ് ശല്യക്കാര നായി മാറിയത്. അവൻ അകലെ നിന്ന് ഓളിയിടാൻ തുടങ്ങി. പിന്നെപ്പിന്നെ അടുത്തു നിന്നായി. ഉമ്മറത്തു നിന്നോളിയിടുന്ന നായയെ അടിച്ചിറക്കിയിട്ടു കാര്യമില്ല. ഉച്ചത്തിലാണോളിയിടുന്നത്. അകലെ നിന്നും ആ ഒച്ച എത്തും. കള്ളനെ ഓടിക്കുക എന്ന ഉപകാരം പോലും അതിനെക്കൊണ്ടില്ല. നേരെ മറിച്ചാണ് സ്ഥിതി. കള്ളനെ ആകർഷിക്കാനേ അവൻ ഉതകൂ. "കക്കാൻ കോളുള്ളേടത്തേ പട്ടി കുരയ്ക്കൂ," എന്നു കള്ളനറിയാം – കുര കേട്ടിടത്ത് കള്ളനെത്തും. കുരയ്ക്കും പട്ടി കടിക്കില്ലെന്ന ഉറപ്പ് കള്ളനുണ്ട്. കടിക്കാനുള്ള ധൈര്യം പട്ടിക്കില്ല. കള്ളനകത്തുകടന്നാൽ കണ്ണുകളിറുകെപ്പൂട്ടിക്കിടക്കാനുള്ള ധൈര്യമേ വീട്ടുകാർക്കുമുള്ളൂ. ഉണരുന്നില്ലെന്നു കാണുന്ന കള്ളൻ ആക്രമിക്കില്ല. ഉണർന്നു വായ തുറന്നാൽ പിന്നെ അത് എന്നേക്കുമായി അടയും എന്ന് ജ്ഞാനോദയം ഉണ്ടാകുന്ന വീട്ടുകാരൻ സുഖനിദ്ര പൂകുന്നു. "വല്ലതും തപ്പിയെടുത്തുകൊണ്ടുപോയാൽ കൊണ്ടു പൊയ്ക്കോട്ടെ. നല്ലൊരു ഉറക്കം മുറിയില്ലല്ലോ" എന്ന് നന്നായിച്ചുരുണ്ടുകൂടുന്ന ആളാണ് കവിതയിലെ വക്താവായ വീട്ടുടമ. പക്ഷേ പട്ടിയുടെ ഓളി മുഴങ്ങുകയാണ്. പാതിമയക്കത്തിലും അതു കേൾക്കാം.

സ്വപ്നങ്ങളെയൊക്കെച്ചിന്നിച്ചിതറിക്കും മട്ടിൽ അത് സിരകളെ വിറകൊള്ളിക്കുന്നു. ഈ അവസ്ഥയിലാണ്, താൻ ആപ്പീസിലിരിക്കുകയാണെന്നു കവിതയിലെ വക്താവിനു സ്വപ്നത്തിൽ തോന്നുന്നത്. പട്ടിയുടെ ഓളിശ്ശല്യം തലേരാത്രിയിലെ അനുഭവമായിരുന്നെന്നും സ്വപ്നത്തിൽ തോന്നുന്നു. ആപ്പീസ് ആകെ അലങ്കോലം. തീപ്പെട്ടികൊള്ളികൾ, ബീഡിക്കുറ്റികൾ, കടലാസ്സുതുണ്ടുകൾ എല്ലാം ചിതറിക്കിടക്കുന്നു. മാറാല തൂങ്ങിക്കിടക്കുന്നു. പുഴക്കാറ്റു കുളിർക്കെ വീശുന്നുണ്ടെന്ന ഒരാശ്വാസം മാത്രമുണ്ട്. അപ്പോഴാണ് പിടിപ്പതു പണിയുണ്ടല്ലോ എന്ന ഓർമ്മയുണരുന്നത്. മേശവലിപ്പിന്നുള്ളിൽ കിടക്കുന്നത് തമ്മിൽ തല്ലിത്തകർത്ത തറവാടുകളുടെ തലകളും വീർപ്പുകളുമാണ്. (അന്തശ്ഛിദ്രം കൊണ്ടു തകർന്ന തറവാടുകളുടെ ഭാഗക്കേസ്സുകെട്ടുകൾ) കച്ചേരിയിലേക്ക് ആളുകളെത്തിക്കഴിഞ്ഞു. തന്റെ മുന്നിലെ കസേരയിലിരിക്കുന്ന

**ഇടശ്ശേരിയുടെ ചിരി**
**ഡോ. എം. ലീലാവതി**
(കലാവീക്ഷണം
2002 ആഗസ്റ്റ്)



കക്ഷി ആരാണ്? ഒരു ശുനകൻ. ഇവനല്ലേ ഇന്നലെ രാത്രി (സ്വപ്നത്തിൽ സംഭവം തലേന്നാളത്തെയായി മാറുന്നു.) ബ്രഹ്മാണ്ഡം മുഴങ്ങും വണ്ണം ഓളിയിട്ട് തന്റെ ഉറക്കം കെടുത്തിയത്? എന്താണിവന്റെ വായിൽ! ഒരു വെള്ളച്ചുരുൾ കടലാസ്സ്. ഒരു പട്ടിച്ചിരിയോടെ അവൻ ആവശ്യപ്പെടുന്നു. "ഒരൊസ്യത്തെഴുതി തരണം" "എങ്ങനെ വേണ്ടു നിശ്ചയം" എന്ന് എഴുത്തുകാരന്റെ ചോദ്യം. "എന്റെ മുതലെല്ലാം  നിയമം പോലെ പകുക്കണം. എങ്കിലും ഒരു വ്യവസ്ഥ സവിശേഷമായി ഉണ്ട്." "അതെന്താണ്?" ഞാൻ ഓളിയിടാറുണ്ടല്ലോ. അതിനു കിട്ടുന്ന റോയൽറ്റിയിൽ നിന്ന് ഒരെട്ടണ ഒരുത്തനു കൊടുക്കണം, ഒടുവിൽ ഒരു നാൾ ഒരു കവിളി മടലുകൊണ്ട് എന്റെ തല തല്ലിതകർക്കുന്നവന്. (പട്ടിയെ കൊല്ലുന്നവന് പഞ്ചായത്തിൽ നിന്നു കൊടുക്കുന്ന പ്രതിഫലം എട്ടണയാണ്). പട്ടിയുടെ ഈ പ്രഖ്യാപനം കേട്ടതോടെ വക്താവ് ഉണരുന്നു. കഥ മായം. പക്ഷേ അവന്റെ കൂസലില്ലാത്ത കണ്ണുകളിലെ ആ ഭാവം ഒരിക്കലും മായുകയില്ല.

എഴുത്തുകാരൻ നല്കിയ വിഭവസമൃദ്ധമായ സദ്യ ഉണ്ടതിനുശേഷം മനഃപൂർവ്വം അപ്പുറത്തു ചെന്ന് വിഭവങ്ങളുടെ കുറ്റങ്ങൾ വിവരിക്കുന്നവനെപ്പോലെ പെരുമാറുന്ന സാഹിത്യ വിമർശകന്റെ നേരെ "കൊല്ലുകാപ്പട്ടിയെ" എന്ന് കോപം ചീറ്റിയ ഗോയ്ഥെയുടെ ക്രോധത്തേക്കാൾ വളരെയേറെ രൂക്ഷമാണ് ഈ കവിതയിലെ പരിഹാസം. ഈ കവിതയിൽ ഓളിയിടുന്ന പട്ടി സ്രഷ്ടാവാണ്. തന്നെ കൊല്ലുന്നവനു അതിന്റെ കൂലിയോടൊപ്പം വരുന്ന തുക തനിക്കുള്ള റോയൽറ്റിയിൽ നിന്ന് കൊടുക്കണമെന്നു നീക്കി വെക്കുന്ന അയാൾ വിമർശകന്റെ വധപ്രക്രിയയെ ക്രോധത്തോടെയല്ല തീക്ഷ്ണപരിഹാസത്തോടെയാണ് സമീപിക്കുന്നത്. അങ്ങനെ ഈ കവിത, വിമർശനകല പരിഹാസ്യമായ രീതിയിൽ കയ്യാളുന്ന വിമർശകന്നെതിരെയുള്ള വിമർശനമാണെന്നു വ്യാഖ്യാനിക്കാം.

റോയൽറ്റി എന്ന പദത്തിന്റെ സൂചിതത്തിൽ നിന്നാണ് നായയുടെ ഓളിയിടലിന്ന് കാവ്യഗാനാദികലകളോടു ബന്ധം വ്യഞ്ജിക്കുന്നത്. ആ ഒരു പദം പ്രയോഗിച്ചില്ലെങ്കിൽ ഈ രൂപകാലങ്കാരധ്വനി ഉണ്ടാവില്ലായിരുന്നു. ആ അലങ്കാരധ്വനിയാകട്ടെ ഹാസഭാവധ്വനിവിശ്രാന്തമാണ്. ഇതിലെ ഹാസ്യത്തിന് രണ്ട് ഭുജങ്ങളുണ്ട്. ഒന്ന് ആത്മോപഹാസം; മറ്റേത് അപരോന്മുഖമായ പരിഹാസം. വക്താവിന്റെ സർജനക്രിയക്ക് നായയുടെ ഓളിയിടലിന്നുള്ള അത്ര മൂല്യമേ കല്പിക്കുന്നുള്ളൂ എന്നതാണ് ആത്മോപഹാസദ്യോതകം. നായയ്ക്ക് അതിന്റെ ഓളിയിടൽ എത്ര സ്വാഭാവികമാണോ അത്ര തന്നെ സ്വാഭാവികവും അനിവാര്യവും ആണ് സർജനക്രിയ എന്ന വസ്തുധ്വനിയും ഈ ഭാവ ധ്വനിയിൽനിന്ന് നീണ്ടുവരുന്നു. ഓളിയിടലിനോടു രൂപണം ചെയ്യുമ്പോൾ ബാഹ്യമായി ലാഘവം ഉണ്ടെങ്കിലും ആന്തരമായി അതിന്ന് അനുപമമായ ഗൗരവവും ഉണ്ട്. നിദ്രാണമായിക്കിടക്കുന്ന സമൂഹചേതനയെ തട്ടിയുണർത്തി, ഉറക്കം നഷ്ടപ്പെടുത്തി, അസ്വസ്ഥമാക്കിക്കൊണ്ടേയിരിക്കുക എന്നത് ഏത് സത്കൃതിയുടെയും ലക്ഷ്യമാണ്. മൂല്യവത്തായതൊക്കെ അപഹരിക്കാൻ ഒരുങ്ങിയിറങ്ങുന്ന ഇരുട്ടിൻ കൂട്ടുകാർക്ക് എതിരെയുള്ളതാണ്. കാവലാളുകളായ മനീഷികളുടെ നിർത്താത്ത കുരകളും ഓളികളും പേടിയില്ലെന്നു മാത്രമല്ല, അവർക്കത് കളവിനുള്ള ഒരു പ്രേരണയായിത്തീരുകയാണ്. കക്കാൻ ചിലത് ഇവിടെയുണ്ട് എന്ന അറിവ് അവർ ആ ശബ്ദങ്ങളിൽ നിന്നു ചോർത്തെടുക്കുന്നു. കവിതയും കലയും ധർമ്മചിന്തയുമെല്ലാം നിഷ്ഫലമായിത്തീരുന്നുവെന്ന ചിന്തയുടെ നൈരാശ്യബോധോദയത്തിലുള്ള നീറ്റലും ഈ കല്പനയുടെ ഉള്ളിൽ നിന്നു നീളുന്ന ധ്വനിയിലുണ്ട്. നൈരാശ്യം മറ്റെല്ലാ ശുഭചിന്തകളെയും ആക്രമിച്ചു കീഴടക്കുന്ന ആത്യന്തിക മുഹൂർത്തങ്ങളിലാണ് സാഹിത്യത്തിന്റെ ലക്ഷ്യമായി "ശിവേതരക്ഷതി"യെ കാണുന്നവർ പോലും "ഹിരണ്യമേവാർജയ നിഷ്ഫലാ കലാ" എന്ന് ആക്രോശിച്ച് പോവുന്നത്. പോകുന്നതൊക്കെ പോകട്ടെ, മൂല്യവിധ്വംസകരോട് അന്ത്യ നിമിഷം വരെ എതിർത്തു നില്ക്കാൻ ധൈര്യമില്ലാത്ത നാം മുറിഞ്ഞുപോകാത്ത ഒരു ഉറക്കത്തിന്റെ തത്കാല സുഖം തേടുകയല്ലാതെന്തു ചെയ്യും, എന്ന ആത്മോ

**ഇടശ്ശേരിയുടെ ചിരി**
**ഡോ. എം. ലീലാവതി**
(കലാവീക്ഷണം
2002 ആഗസ്റ്റ്)

3

പഹാസം ഒരു തരം ട്രാജിക് ജോക്ക് (trajic joke) ആണ്. ആധുനിക പ്രസ്ഥാനത്തിൽ നീളേ നീളേ പ്രത്യക്ഷപ്പെട്ടിരുന്ന കോമാളിച്ചിരിയെ "Everything that would ordinarily seem serious now seems a tragic joke" എന്ന് ചിലർ വിവരിക്കുകയുണ്ടായി. (റോബർട്ട് ഗ്രേവ്സ്, ലോറാ ഹൈഡിങ്ങ്).

സാഹിത്യകാരൻ ഗുരുതരമായ ധ്വംസനങ്ങൾ സംഭവിക്കുമ്പോഴാണ് അസ്വസ്ഥനാകേണ്ടത്. അതിനു പകരം നിസ്സാരങ്ങളുടെയോ ഇതിവൃത്ത സമാനതകളുടെയോ പേരിൽ ചോരണം! ചോരണം! എന്ന് മുറവിളി കൂട്ടി സമൂഹമനസ്സിന്റെ അന്തഃസാരശൂന്യതകളിലേയ്ക്ക് വ്യാവർത്തിപ്പിക്കുന്നവർ ഒരു എല്ലിൻ കഷ്ണത്തിന്റെയോ മറ്റോ പേരിൽ കടി പിടികൂടുന്ന ശുനകരെപ്പോലെ പ്രവർത്തിക്കുന്നു എന്ന ഒരാനുഷംഗികാർത്ഥവും കൂടി ചുരത്താൻ പ്രസക്ത സന്ദർഭങ്ങളിൽ ഇടശ്ശേരിക്കവിതക്കു കഴിയുന്നുണ്ട്. അർത്ഥവത്തായ വാങ്മയ രചനകളുടെ ഒരു ധർമ്മമാണത്. കലോചിതമായി പുതിയ പുതിയ അർത്ഥങ്ങൾ ചുരത്താനുള്ള കഴിവ്. "അവസ്ഥാദേശകാലാദി വിശേഷൈരവിജായതേ ആനന്ത്യമേവ വാച്യസ്യ ശുദ്ധസ്യാവിസ്വഭാവത" എന്ന ധ്വന്യാലോകകാരികക്ക് (4-7) ഈ അർത്ഥം കൂടി പറയുകയും അങ്ങിനെ ദേശകാല വാചകവ്യക്ത്യനുസാരികളായ പുതിയ പുതിയ അർത്ഥങ്ങൾ സാഹിത്യത്തിനുണ്ടാവുമെന്ന നവീനാശയം ഈ കാരികയിൽ അന്തർഭവിച്ചിട്ടുണ്ടെന്നു വ്യാഖ്യാനിക്കുകയും ചെയ്തുവെന്നു കരുതേണ്ടിയിരിക്കുന്നു. അതു പോകട്ടെ; ഇടശ്ശേരി വിഭാവനം ചെയ്യാവുന്ന ഒരു കല്പനയാണിതെന്നതിന് അദ്ദേഹത്തിന്റെ "നാലിതൾപ്പൂവ് " എന്ന കവിത തെളിവുതരുന്നു. അപഹരണാരോപണങ്ങൾ എത്രയേറെ ഉപരിപ്ലവമാണ് എന്ന് ആ കവിതയിലൂടെ അദ്ദേഹം പ്രപഞ്ചനം ചെയ്തിട്ടുണ്ട്. ഈ കവിതയിലും ചോരണം എന്ന ഒരാശയം ഉൾപ്പെട്ടിട്ടുള്ളതിന് പ്രസക്തമായ ഏതു മാനവും കല്പിക്കാവുന്നതാണ്. ഒസ്യത്ത് എന്ന കേന്ദ്രസ്ഥമായ ആശയത്തോട് തികച്ചും ചേർന്നു പോകുന്നതാണ് അന്തഃസാരശൂന്യമായ ചോരണാരോപണങ്ങളും മറ്റും. അത്തരം നിഴൽയുദ്ധങ്ങൾ ചെയ്ത് സർഗാത്മക സാഹിത്യകാരനെ നിഴലിൽപ്പെടുത്തുന്ന വിമർശകന്നാണ് എഴുത്തുകാരൻ റോയൽറ്റിയിൽ നിന്നൊരംശം നീക്കി വെക്കുന്നത്. ഈ അപ്പവും വീഞ്ഞും ആഹരിക്കുക. ഇതെന്റെ മാംസവും രക്തവുമാണ് എന്ന് എക്കാലത്തെയും പാപകർമ്മ നിരതരോടും പറയുന്ന വിശുദ്ധന്റെ ആത്മബലിദാനകർമ്മത്തിൻ പിന്നിലുള്ള ത്യാഗവീരവും ഒസ്യത്തിന്റെ ഭാവഗാംഭീര്യത്തിലുൾപ്പെടുന്നു.

ഇടശ്ശേരിയുടെ ചിരിയ്ക്കുള്ള ഈ അനേക ഭാവതലങ്ങൾ അനാവരണം ചെയ്യുമ്പോഴേ ഈ കവിത, അറിഞ്ഞു എന്ന് നമുക്ക് അഭിമാനിക്കാവൂ. 'ഒരു പിടി നെല്ലിക്ക' എന്ന കവിതാസമാഹാരം പാഠപുസ്തകമായിരുന്ന കാലത്ത് ഈ കവിതയുടെ ഉള്ളിലേക്കിറങ്ങിച്ചെല്ലാതെ ഒഴുക്കൻ മട്ടിൽ വായിച്ച് ചിരിച്ച് അവസാനിപ്പിച്ചവരുണ്ട്.

ഈ കവിതയിൽ, അന്തഃച്ഛിദ്രം കൊണ്ടു തകർന്ന തറവാടുകളുടെ ഭാഗക്കേസ്സുകെട്ടുകൾ മേശവലിപ്പിലിരിക്കുന്നതിന്റെ ഒരോർമ്മകൂടി സ്വപ്നത്തിൽ വിടരുന്നുണ്ട്. കേരളത്തിലെ നായർത്തറവാടുകളുടെ തകർച്ചകൾ ഏറെക്കണ്ട കണ്ണുകളുടെ ക്രാന്തദർശിതയാണ് ആ ദൃശ്യത്തിൽ പ്രതിഫലിക്കുന്നത്. പഴയ നായർത്തറവാടുകളുടെ തകർച്ചകൾ ഏറെക്കണ്ട കണ്ണുകളുടെ ക്രാന്തദർശിതയാണ് ആ ദൃശ്യത്തിൽ പ്രതിഫലിക്കുന്നത്. പഴയ നായർത്തറവാടുകളുടെ തകർച്ചകളെ ഓർമ്മിപ്പിക്കും വിധം, അപഹരണാരോപണങ്ങളും, കേസ്സുകളും കോടതികളും അന്യോന്യം ചളിയെറിയലുകളും അഭിഭാഷകരുടെ കക്ഷിചേരലുകളുമെല്ലാം സാഹിത്യത്തറവാട്ടിലുമുണ്ട് എന്ന കാഴ്ചയേറിയ ആ കാരണവർ കണ്ടിരിന്നുവോ? സത്കൃതികൾ കവികളുടെ നേത്രദാനങ്ങളാണ്. കാഴ്ചക്കുറവുണ്ടാകാവുന്ന വരുംതലമുറകൾക്കും ഉതകാവുന്ന നേത്രദാനങ്ങൾ എന്നും കൂടി ഓർത്തു നാം കവിതയുൾക്കൊള്ളുക.

(കലാവീക്ഷണം 2002 ആഗസ്റ്റ്)